**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 341– ശനിയാഴ്ച തോറും**

**ഒക്ടോബർ 19, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ഈശ്വരനുമായി എങ്ങനെ അടുക്കാം

## HOW TO COME CLOSE TO GOD?

പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും എണ്ണമറ്റ ചോദ്യങ്ങൾക്ക് സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

### Q: ഈശ്വരനുമായി എങ്ങനെ അടുപ്പത്തിലാവാം?

പ്രഫ. അനിൽകുമാർ: ഈശ്വരനുമായി എങ്ങനെ അടുപ്പത്തിലാവാം? വളരെ നല്ല ഒരു ചോദ്യം! ഈ ചോദ്യം, പ്രാരംഭ ദശയിൽ അർത്ഥമാക്കുന്നത് ഒരു കാര്യമാണ്. പിന്നീടുള്ള ദശയിൽ അത് നമ്മെ തികച്ചും വ്യത്യസ്തമായ ഒരു മാനത്തിലേക്ക് കൊണ്ടുപോവും.




അപ്പോൾ, ഈ വിഷയം നാം ചർച്ച ചെയ്യുമ്പോൾ രണ്ട് പടികളുണ്ട്. ആദ്യത്തെ പടി: എനിക്കറിയാവുന്നിടത്തോളം, ഭഗവാൻ മുമ്പേ അരുളിയിട്ടുള്ളത് ഓർക്കുന്നതു പ്രകാരം, ഈശ്വരനുമായി അടുക്കുന്നതിനുള്ള ആദ്യത്തെ ഉപാധി, നിരുപാധികം അവിടുന്നിനെ പ്രേമിക്കുകയാണ്. പ്രേമം-അത് എളുപ്പമുള്ളതായി തോന്നുന്നു! പക്ഷേ ഒരാളെ നിരുപാധികമായി പ്രേമിക്കുകയെന്നത് വളരെ ബുദ്ധിമുട്ടാണ്! മാനുഷികതലത്തിൽ അത് അത്രമാത്രം പ്രയാസമായിരിക്കെ, ദൈവികതലത്തിൽ അത് കുറേക്കൂടി പ്രയാസമുള്ളതാണ്. ഇതെന്തുകൊണ്ടെന്നാൽ, നമുക്ക് ഓരോ ഘട്ടത്തിലും നമ്മുടേതായ വ്യവസ്ഥകളുണ്ട്. നമ്മുടെ

ജീവിതം ഉപാധിവത്കരിക്ക(conditioned)പ്പെട്ടതാണ്, നമ്മുടെ മനസ്സ് വ്യവസ്ഥാപിതമാണ്. മനസ്സ് നിറയെ ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ, അഭിനിവേശങ്ങൾ, ആണ്. ഈ സാഹചര്യങ്ങളിൽ, നിരുപാധികമായ പ്രേമം വളർത്തുകയെന്നത് ഒരു ഹെർക്കുലീസ് ദൗത്യമാണ്. അത്, അതെപ്പറ്റി വെറുതേ സംസാരിക്കുന്നപോലെ എളുപ്പമുള്ള കാര്യമല്ല.

അപ്പോൾ, നിരുപാധികമായി ഈശ്വരനെ പ്രേമിക്കുകയെന്നത് കുറേക്കൂടി പ്രയാസമാണ് എന്തെന്നാൽ, നാം ചില വ്യവസ്ഥകളുമായാണ് ഈശ്വരന്റെയടുത്ത് വരുന്നത്. നമുക്ക് നമ്മുടേതായ സ്ഥാപിതമായ പരിമിതികളുണ്ട്, നമ്മുടെ പ്രോഗ്രാം അവിടുന്ന് പിന്തുടരണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്.

രണ്ടാമത്തെ വസ്തുതയെന്നത്, അവിടുന്നിൽ പരിപൂർണ വിശ്വാസം ഉണ്ടാവുക എന്നതാണ്. പക്ഷേ ദുരന്തമെന്തെന്നാൽ, നമ്മുടെ ആഗ്രഹത്തിനെതിരായി എന്തെങ്കിലും സംഭവിച്ചുപോയാൽ നമ്മുടെ വിശ്വാസം അടിമുടി ഇളകും. നമ്മുടെ തെരഞ്ഞെടുപ്പിനു വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചുപോയാൽ, നമുക്ക് ഇഷ്ടമല്ലാത്തത് എന്തെങ്കിലും സംഭവിച്ചാൽ, നമ്മുടെ വിശ്വാസം ആഴത്തിൽ കടപുഴകും. അതുകൊണ്ട്, നമ്മുടെ വിശ്വാസം വേണ്ടത്ര ബലവത്തല്ലെന്ന് നാം തുറന്നു സമ്മതിച്ചേ മതിയാവൂ. അപ്പോൾ, പൂർണ വിശ്വാസം ഉണ്ടാവുകയെന്നതും പ്രയാസമുള്ള കാര്യമാണ്.




ഒന്നാമത്തെ പോയിന്റ് എന്നത് ഈശ്വരനു നേർക്കുള്ള ഉപാധിരഹിതമായ പ്രേമം ആണ്; രണ്ടാമത്തെ പോയിന്റ്, ഈശ്വരനിലുള്ള ഉറച്ച, ബലവത്തായ, ഇളകാത്ത വിശ്വാസമാണ്; മൂന്നാമത്തെ പോയിന്റ് എന്നത് അവിടുത്തെ സന്ദേശം പിന്തുടരുക അഥവാ അവിടുത്തെ പ്രബോധനങ്ങൾ പിന്തുടരുക എന്നതാകുന്നു.

ഒരു ചെറിയ ഉദാഹരണമിതാ: ക്രിസ്തുവിന്റെ അനുയായികൾ ക്രിസ്തു പറഞ്ഞത് അനുസരിച്ചു; കൃഷ്ണൻ പറഞ്ഞതെന്തോ അർജ്ജുനൻ അനുസരിച്ചു. അവർ വെറുതേ ആ പ്രഭാഷണങ്ങൾ കേട്ടിട്ട് തങ്ങളുടെ മാസ്റ്ററിന് അവിടുത്തെ വശ്യമായ വിശദീകരണത്തിന് ഒരു സർട്ടിഫിക്കറ്റ് നൽകുകയല്ല ചെയ്തത്: “അല്ലയോ പ്രഭൂ, അവിടുന്ന് എത്ര നന്നായിട്ടാണ് സംസാരിച്ചത്!” അവർ അങ്ങനെ പറഞ്ഞില്ല. അവർ

അവരുടെ ദിവ്യ ഗുരുവിൽനിന്ന് എന്തൊക്കെ കേട്ടുവോ അത് നിഷ്കർഷതയോടെ, കർശനമായി പിന്തുടർന്നു.

അതുകൊണ്ട്, അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക, അവിടുത്തെ സന്ദേശം ശ്രദ്ധിക്കുക, അവ ജീവിതത്തിൽ അതേപടി പരിശീലിക്കുക എന്നതാണ് ഈശ്വരനുമായി അടുക്കുന്നതിനായുള്ള മൂന്നാമത്തെ പോയിന്റ്.

അതുകൊണ്ട്, അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുന്നത്, അവിടുത്തെ സന്ദേശം ശ്രദ്ധിക്കുന്നത്, അവ ജീവിതത്തിൽ അതേപടി പരിശീലിക്കുന്നത്, ആണ് മൂന്നാമത്തെ




പോയിന്റ്, ഈശ്വരനുമായി അടുക്കുന്നതിന് ഇവ ആവശ്യമാണ്. നാലാമത്തേത്, അവിടുന്ന് എന്തുതന്നെ നമുക്ക് തരുന്നുവോ അത് നാം സ്വീകരിക്കത്തക്കവിധം നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ, നമുക്ക് നിരവധി പ്രശ്നങ്ങളുണ്ട്, നിരവധി പിരിമുറുക്കങ്ങളുണ്ട്-നമ്മുടെ ജീവിതം നിറയെ പരാതികളാണ്. കാരണമെന്തെന്നാൽ ഈശ്വരൻ തരുന്നതെന്തോ അതു സ്വീകരിക്കുന്നതിന് നമ്മൾ ഒരുക്കമല്ല. അത് മധുരമുള്ളതാവാം അല്ലെങ്കിൽ കയ്പുള്ളതായേക്കാം, രണ്ടും സ്വീകരിക്കാൻ ഒരുവൻ തയ്യാറായിരിക്കണം. പൂർണ സ്വീകാര(Total acceptance)മാണ് മറ്റൊരു പോയിന്റ്, ഈശ്വരനുമായി അടുക്കുന്നതിന് ഇത് ആവശ്യമാണ്. അപ്പോൾ, പ്രാരംഭദശയിൽ, ഈശ്വരനുമായി

അടുക്കുന്നതിന് വേണ്ട അടിസ്ഥാനപരമായ ആവശ്യകതകളിൽ ചിലവ ഇതൊക്കെയാണ്.

ഇനി നമ്മൾ ഈശ്വരനുമായി എങ്ങനെ അടുക്കാം എന്ന ഉയർന്ന തലത്തിലേക്കു പോകുന്നു. ഈ ചോദ്യം വളരെ നല്ലതാണ് എന്തെന്നാൽ, അത് പല തലങ്ങളെ ആവാഹിക്കുന്നു, വിശാലമായി സംസാരിക്കാൻ അവസരം നൽകുന്നു. ഞാൻ ശരിക്കും ചോദ്യകർത്താവിന് നന്ദി പറയുന്നു, ഈ ചോദ്യത്തിന് അഭിനന്ദിക്കുന്നു.

അപ്പോൾ, എന്താണാ ഉയർന്ന തലം? ഈ പേപ്പർ ഫയൽ എന്നിൽനിന്ന് അൽപം അകലെയാണെന്നതു കാണൂ. ഞാനെങ്ങനെയാണ് അതിന്റെയടുത്ത് പോകുന്നത്? ഒന്നുകിൽ ഫയൽ എന്റെയടുത്ത് വരണം, അല്ലെങ്കിൽ ഞാൻ ഫയലിന്റെയടുത്തേക്ക് ചെല്ലണം. അത്രമാത്രം. മമ്മത് മലയുടെ അടുത്തേക്ക് പോകണം അല്ലെങ്കിൽ മല മമ്മതിന്റെയടുത്തേക്ക് ചെല്ലണം. മറ്റു മാർഗമൊന്നുമില്ല.

'അടുത്തു വരിക' എന്നത് അർത്ഥമാക്കുന്നത്, എനിക്കും ഞാൻ അടുക്കാൻ ആഗ്ര




ഹിക്കുന്ന വസ്തുവിനും തമ്മിൽ ഒരു അകലമുണ്ട് എന്നാണ്. ഞാൻ ആ പ്രസംഗപീഠത്തിനടുത്ത് പോകുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ അവിടേക്ക് പോവേണ്ടിയിരിക്കുന്നു. എനിക്കും പോഡിയത്തിനുമിടയ്ക്ക് കുറച്ചു ദൂരമുണ്ട്, അവിടെ എത്തിച്ചേരാനായി രണ്ടു സെക്കന്റ് സമയമെടുക്കും. അപ്പോൾ, നിങ്ങൾ അടുക്കാനാ

ഗ്രഹിക്കുന്ന ഒരു വസ്തുവിനെപ്പറ്റി അഥവാ വ്യക്തിയെപ്പറ്റി അഥവാ സ്ഥലത്തെപ്പറ്റി നിങ്ങൾ ചിന്തിക്കുമ്പോൾ, സ്ഥലവും കാലവും അതിലുൾപ്പെടുന്ന രണ്ടു ഘടകങ്ങളാണ്.

നേരേ മറിച്ച്, എന്നോടുതന്നെ എങ്ങനെ അടുക്കാം? ഞാൻ ചോദിക്കുകയാണ്, ‘‘സർ, താങ്കൾ എനിക്കു പറഞ്ഞുതരുമോ, എനിക്ക് എന്നോടുതന്നെ എങ്ങനെ അടുക്കാം?’’ നിങ്ങൾ പറയും, ‘‘എനിക്ക് താങ്കളുടെ ചോദ്യത്തിന് ഉത്തരമറിയില്ല, പക്ഷേ എനിക്ക്




ഒരു കാര്യം അറിയാം: താങ്കൾ ഇതു ചോദിക്കുന്നതു കേൾക്കാനായി ഞാൻ ഇവിടെ ഉണ്ടാവേണ്ടിയിരുന്നില്ല എന്ന്!’’

എനിക്ക് എന്നോടുതന്നെ എങ്ങനെ അടുക്കാം? ഞാനെന്താണ് ഉദ്ദേശിക്കുന്നത്?

ഞാൻ ചിന്തിക്കുന്നത് ഞാൻ ശരീരമാണ് എന്നാണ്. ഞാൻ ചിന്തിക്കുന്നത് ഞാൻ മനസ്സാണെന്നാണ്. ഞാൻ ചിന്തിക്കുന്നത് ഞാൻ ബുദ്ധിയാണെന്നാണ്. എന്നാൽ എന്റെ ആത്മാവ് ഇതു മൂന്നിനും അതീതമാണ്. ശരീരത്തെ പൊതിയാൻ ഒരുവൻ ബനിയൻ, ഷർട്ട്, പിന്നെ കോട്ട് ഇവ ധരിക്കുന്നതുപോലെ, ആത്മാവ് ബുദ്ധി, മനസ്സ്, ശരീരം ഇവയാൽ പൊതിയപ്പെട്ടിരിക്കുന്നു. അപ്പോൾ, ഈ ആവരണങ്ങൾ എടുത്തു

മാറ്റണം. ഈ ഉറകൾ, പുതപ്പുകൾ, പാളികൾ ഉള്ളിയുടെ പല പാളികൾ പൊളിച്ചുമാറ്റുന്നതുപോലെ, നീക്കം ചെയ്യപ്പെടണം.

അവയെ ഒന്നൊന്നായി മാറ്റുക. ഇതേപോലെ, നാം ഈ അടരുകൾ മാറ്റുമ്പോൾ-ആദ്യത്തേത് ശരീരം, രണ്ടാമത്തേത് മനസ്സ്, മൂന്നാമത്തേത് ബുദ്ധി, അപ്പോൾ നമ്മൾ നിങ്ങളാകുന്ന അടിസ്ഥാന ആത്മാവി(basic Self)ലേക്കെത്തുന്നു. അപ്പോൾ, ഈശ്വരനോട് അടുക്കുകയെന്നത് എന്റെയുള്ളിലെ ആത്മാവ് ഈശ്വരനാണെന്ന് അറിയുകയാണ്. എന്റെയുള്ളിലെ ആത്മാവ് ഈശ്വരനല്ലാതെ മറ്റാരുമല്ല.

ഞാനെന്തിനാണ് ക്ഷേത്രത്തിൽ പോകുന്നത്? ക്ഷേത്രത്തിലെ ഈശ്വരൻ എന്റെയുള്ളിലെ ഈശ്വരനാണെന്ന് അറിയുന്നതിന്. എന്തിനാണീ പുലിവാല് പിടിക്കുന്നത്? എന്തുകൊണ്ടെന്നാൽ, ക്ഷേത്രത്തിൽ പോകുന്നതുവരെ ഞാനിത് മനസ്സിലാക്കില്ല. എന്തിനാണ് നീണ്ട ക്യൂ സഹിക്കുന്നത്? എന്റെ ശരീരം ക്ലേശം




(ഒരു കോശം ചീന്തിക്കളയുന്നത്) അനുഭവിക്കാത്തിടത്തോളം, എന്റെയുള്ളിലെ ആത്മാവുതന്നെ ഈശ്വരൻ എന്ന ധാരണ എനിക്കുണ്ടാവാൻ പോകുന്നില്ല. അപ്പോൾ, നമ്മുടെ ഈ ക്ഷേത്രസന്ദർശനമെല്ലാം, നമ്മുടെ ആചാരങ്ങളെല്ലാം, നമ്മുടെ ആചരണങ്ങളെല്ലാം തന്നെ, നമ്മുടെതന്നെ ഉള്ളിലുള്ള ഈശ്വരനെ കാണുന്നതിനു മാത്രമാണ്.

എന്റെ സുഹൃത്തുക്കളേ, നമ്മളെന്തിനാണ് ഒരു ഗുരുവിന്റെയടുത്ത് പോകുന്നത്? ഇക്കാലത്ത് ഗുരുക്കന്മാർക്ക് വൻ ഡിമാന്റാണ്. ഓരോ ഗുരുവും വളരെ, വളരെ തിരക്കുള്ളവരാണെന്ന് നമുക്ക് ടെലിവിഷനിൽ കാണാനാവും. ഓരോ ഗുരുവിനും കുറ




ഞ്ഞത് അൻപതിനായിരം ശിഷ്യരെങ്കിലും ഉണ്ടെന്നു നാം കാണുന്നു, ആ സംഖ്യ കൂടിക്കൂടി വരുന്നു. അനുയായികൾ കൂടിവരുന്നതിനു കാരണം, അവർ ഗുരുവിനെ പിന്തുടരുന്നതാണ്-എന്നാൽ അവർ അവരെത്തന്നെ പിന്തുടരുന്നില്ല! ഞാൻ എന്റെ ആത്മാവിനെ പിന്തുടരേണ്ടിയിരിക്കുന്നു, മറ്റാരെയെങ്കിലുമല്ല. നിർഭാഗ്യവശാൽ, ഞാൻ നിങ്ങളെ പിന്തുടർന്നേക്കാം പക്ഷേ ഞാൻ എന്റെ ഉള്ളിലുള്ള ആത്മാവിനെ പിന്തുടരുന്നില്ല.

അതുകൊണ്ട്, ഈശ്വരന്റെ സമീപത്തു വരിക എന്നത് അകമേ ഈശ്വരനെ അനുഭവിക്കുകയും അറിയുകയും ചെയ്യുക എന്നതാണ്. ആദ്യമായി, ശരീരത്തിനപ്പുറം പോവുക, അതിനെ കൂസാതെ.

രണ്ടാമത്തെ ഉപാധിയെന്നത് മനസ്സുമായുള്ള താദാത്മ്യം(identification) ഉപേക്ഷിക്കുകയാണ്. ഇത് കൂടുതൽ ശ്രമകരമാണ് എന്തെന്നാൽ, ഈഗോയുടെ പേരിൽ മുഴുവൻ ജീവിതനാടകവും കളിക്കുന്നത് മനസ്സാണ്.

ഇനി, മൂന്നാമതായി ബുദ്ധി(intellect) വരുന്നു. ബുദ്ധിക്കതീതമായി വളരുകയെന്നത് തുല്യമായി ബുദ്ധിമുട്ടാണ് എന്തെന്നാൽ, ബുദ്ധി അന്യരുടെ കുറ്റങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടേയിരിക്കും, എന്റെ സ്വന്തം കുറ്റങ്ങളല്ല.




അതുകൊണ്ട്, എന്റെ സുഹൃത്തുക്കളേ, ശരീരത്തിനപ്പുറം പോവുക, അഥവാ ശരീരത്തിനപ്പുറം, മനസ്സിനും ബുദ്ധിക്കും അപ്പുറം ഇത്തിരിയെങ്കിലും വളരുക എന്നത് അത്ര എളുപ്പമല്ല. ഇവ മൂന്നുമാണ് നമ്മുടെ ശ്രദ്ധ തിരിച്ച് നമ്മെ ആത്മാവിൽനിന്ന് ദൂരെ അകറ്റുന്നത്.

അപ്പോൾ, ‘‘ഈശ്വരനുമായി എങ്ങനെ അടുപ്പത്തിലാവാം?’’ ആദ്യത്തെ ശാരീരിക



തലം നീക്കം ചെയ്യുക; അതിനെ അതിക്രമിക്കുക! രണ്ടാമത്, മന:ശാസ്ത്രപരമായ തലം അതിക്രമിക്കുക. പിന്നെ മൂന്നാമതായി, ബൗദ്ധിക തലത്തിൽ വിവേചനം ചെയ്യുക അഥവാ അന്വേഷിക്കുക. അപ്പോൾ നിങ്ങൾ അതുതന്നെ ആകുന്നു. അത്ര മാത്രം. നിങ്ങൾ അതുതന്നെ ആകുന്നു!(You are That)

പ്രഫസർ അനിൽകുമാർ അടുത്ത ലക്കത്തിൽ കൂടുതൽ ഭക്തരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ട്, ആദ്ധ്യാത്മികമായി വളരുന്നതിന് നമ്മെ സഹായിക്കുന്നു

നിങ്ങളുടെ സമയത്തിന് നന്ദി.
ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (*Seeking Within* പേജ് 33-39)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)